**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2935** **13-10-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീമതി കെ.കെ.രമ,<br>ശ്രീ. പി. ടി. തോമസ് ,<br>ശ്രീ എം വിൻസെൻറ് | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കോവിഡ് പ്രതിസന്ധിമൂലം മത്സ്യത്തൊഴിലാളി മേഖലകളിലെ കുട്ടികൾ പഠനം ഉപേക്ഷിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് വകുപ്പ് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പഠനത്തിന്റെ പ്രധാനപ്പെട്ട കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നു; വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഫിഷറീസ് വകുപ്പ് ഇത് സംബന്ധിച്ച് പഠനങ്ങൾ നടത്തിയിട്ടില്ല. ഫിഷറീസ് വകുപ്പിന്റെ അധീനതയിൽ പ്രവർത്തിക്കുന്ന 10 ഗവൺമെൻറ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളിലെ എല്ലാ വിദ്യാർത്ഥികൾക്കും പഠന സൗകര്യം ഉറപ്പാക്കിയിട്ടുണ്ട്. |
| (ബി) | സ്കൂളുകൾ തുറക്കുന്ന സാഹചര്യത്തിൽ ഓൺലൈൻ വിദ്യാഭ്യാസം ലഭ്യമല്ലാത്തതുകാരണം പഠനം മുടങ്ങിപ്പോയ മത്സ്യത്തൊഴിലാളി മേഖലകളിലെ കുട്ടികളുടെ പഠനം പുനരാരംഭിക്കാൻ പ്രത്യേക നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഫിഷറീസ് വകുപ്പ് ഇത് സംബന്ധിച്ച് പഠനങ്ങൾ നടത്തിയിട്ടില്ല. ഫിഷറീസ് വകുപ്പിന്റെ അധീനതയിൽ പ്രവർത്തിക്കുന്ന 10 ഗവൺമെൻറ് റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളിലെ എല്ലാ വിദ്യാർത്ഥികൾക്കും പഠന സൗകര്യം ഉറപ്പാക്കിയിട്ടുണ്ട്. |
| (സി) | മത്സ്യത്തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസരംഗത്തെ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനായി എന്തെല്ലാം ആനുകൂല്യങ്ങളാണ് ഈ സർക്കാർ അനുവദിച്ചതെന്നും അവർക്കായി എന്തെല്ലാം പ്രത്യേക പരിപാടികളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ? | (സി) | വിദ്യാഭ്യാസ പ്രോത്സാഹനത്തിലൂടെ മത്സ്യത്തൊഴിലാളികളുടെ മക്കളെ വികസന മുഖ്യധാരയിൽ എത്തിക്കുന്നതിന് ഫിഷറീസ് വകുപ്പ് 'വിദ്യാതീരം' എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങളായ ലംപ്സംഗ്രാൻറ്, പ്രതിമാസ സ്റ്റൈപൻറ്, ട്യൂഷൻ ഫീസ്, പോക്കറ്റ് മണി, മെസ്സ് ഫീസ്, ഹോസ്റ്റൽ ഫീസ്, പരീക്ഷാ ഫീസ്, സ്പെഷ്യൽ ഫീസ് മുതലായവ നൽകി വരുന്നു. +2മുതലുള്ള ക്ലാസുകളിലെ വിദ്യാഭ്യാസാനുകൂല്യങ്ങൾ 2017-18 മുതൽ 'ഇ-ഗ്രാൻറ്സ്' പദ്ധതി വഴി അനുവദിച്ചു വരുന്നു. തീരദേശത്തെ 10 ഗവൺമെൻറ് ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പഠനത്തിനാവശ്യമായ എല്ലാ ധനസഹായവും നൽകി വരുന്നു. ടി സ്കൂളുകളെ മികവിന്റെ |

| | | | |
|---|---|---|---|
| | | | കേന്ദ്രങ്ങളാക്കുന്നതിനുള്ള സമഗ്ര പരിപാടി നടപ്പിലാക്കി വരുന്നു. കൂടാതെ ‘വിദ്യാതീരം’ പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് റസിഡൻഷ്യൽ മെഡിക്കൽ എൻട്രൻസ് പരിശീലനം, ബാങ്ക് പരിശീലനം , സിവിൽ സർവ്വീസ് (ഐ.എ.എസ്) കോച്ചിംഗ്, പി.എസ്.സി പരിശീലനം എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. 2015-16 മുതൽ 2020-21 വരെ 331 വിദ്യാർത്ഥികൾക്ക് മെഡിക്കൽ എൻട്രൻസ് പരിശീലനം നൽകി. ഇതിൽ 49 വിദ്യാർത്ഥികൾക്ക് എം.ബി.ബി.എസ് നും 84 പേർക്ക് ഇതര കോഴ്സുകൾക്കും അഡ്മിഷൻ ലഭിച്ചിട്ടുണ്ട്. 2021-22 ൽ പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. മത്സ്യത്തൊഴിലാളികളുടെ മക്കളുടെ പഠന നിലവാരം ഉയർത്തുന്നതിനായി ടി മേഖലയിലെ 75 ലൈബ്രറികൾക്ക് കമ്പ്യൂട്ടർ, ഇൻറർനെറ്റ്, ടി.വി, പ്രൊജക്ടർ, പ്രിൻറർ എന്നീ ആധുനിക പഠന സഹായ ഉപകരണങ്ങൾ നൽകുന്നതിന് ഫിഷറീസ് വകുപ്പ് ‘പ്രതിഭാതീരം’ എന്ന പദ്ധതി നടപ്പിലാക്കുന്നതിൻറെ പ്രാരംഭ നടപടികൾ പൂർത്തീകരിച്ചു വരുന്നു. ഓൺലൈൻ പഠന സൗകര്യം ലഭ്യമല്ലാത്ത 2000 മത്സ്യത്തൊഴിലാളി കുട്ടികൾക്ക് ടാബ് വാങ്ങി നൽകുന്ന ‘ജ്യോതിർഗമയ’ പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ